## ഡിജിറ്റൽ മാഗസിൻ
2024

# കിനാവ്




ജി എച് എസ് എസ്
വെറ്റിലപ്പാറ

ghssvettilappara@yahoo.com

phone: 04802769045




# ജി എച് എസ് എസ് വെറ്റിലപ്പാറ

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ:**

**അനുഷ്ക എം എസ്**

**അംഗങ്ങൾ:**

**അനീഷ് പി**
**മൃദുൽ കെ എം**
**മഞ്ജിത്ത് മദനൻ**
**കൃഷ്ണപ്രസാദ് എം യു**
**സനന്ദ് എസ്**
**ബിനിഷ് ബൈജു**
**ദീപു ശബരീശൻ**

**കവർ ഡിസൈനർ:**

**മാളവിക പി എ**
**പ്രണവ് ടി പി**

# സന്ദേശം

കുട്ടികളുടെ സമഗ്ര വ്യക്തിത്വവികാസത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ അവരുടെ സർഗ്ഗാത്മക രചനകൾക്ക് വളരെ പ്രാധാന്യമുണ്ട്. കുട്ടികളുടെ ഉള്ളിൽ അന്തർലീനമായ കഴിവുകളുടെ ബഹിസ്ഫുരണം കഥയായും ചിത്രമായും ഒക്കെ പുറത്തുവരുന്നു. കഥയുടെയും കവിതയുടെയും സന്ദർഭങ്ങൾക്ക് അനുസരിച്ചുള്ള ചിത്രങ്ങൾ ഈ മാഗസിനെ വർണ്ണാഭമാക്കുന്നതോടൊപ്പം കുട്ടികളുടെ വൈവിധ്യമാർന്ന കഴിവുകളും നമുക്ക് ദർശിക്കാൻ സാധിക്കുന്നു. കുട്ടികളുടെ ഈ കഴിവുകളെല്ലാം കോർത്തിണക്കിയ ഈ സംരഭത്തിന് പ്രത്യേകിച്ച് ഇതിന് കൂട്ടായി നിന്ന ലിറ്റിൽകൈറ്റ്സ് ക്ളബ് അംഗങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ലിസ്സി എൻ എൽ
ഹെഡ് മിസ്ട്രസ്സ്
ജി എച്ച് എസ് വെറ്റിലപ്പാറ



# ആശംസകളോടെ....

പ്രിയപ്പെട്ടവിദ്യാർത്ഥികളെ ................

പഠനത്തോടൊപ്പംകുരുന്നു ഹൃദയങ്ങളിൽ ഭാവനകൾ
വികസിപ്പിക്കുന്നതിനും
സർഗവാസനകൾ
വളർത്തുന്നതിനും നടത്തുന്ന
ശ്രമങ്ങൾ വിജയിക്കട്ടെ.......

ഇത്തരം ഒരു സംരഭത്തിന്
മുന്നിട്ടിറങ്ങിയ അദ്ധ്യാപകർക്കും
വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച്
സീഡ് അംഗങ്ങൾക്കും എന്റെ
വിജയാശംസകൾ.........

റൈനി റാഫി
പി ടി എ പ്രസിഡന്റ്

# എഡിറ്റോറിയൽ

കളിചിരികളുടെ ലോകത്ത് ഞങ്ങൾ

അനുഭവിച്ച ......

കേട്ടറിഞ്ഞ.... വിസ്മയങ്ങൾ,

ഞങ്ങൾക്ക് നൽകിയ സന്തോഷങ്ങൾ

നൊമ്പരങ്ങൾ,നഷ്ടങ്ങൾ,ഓർമ്മകൾ.....

കോർത്തിണക്കി തൂലിക തുമ്പിൽ നിന്ന്

താളുകളിലേക്ക് പകരാൻ ..............

അക്ഷരങ്ങൾക്ക് നിറമേകാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

കുരുന്നു ഭാവനയുടെ ഈ കൊച്ചു ഈ സമാഹാരം

ഞങ്ങൾ കൂട്ടിക്കുട്ടും ഹൃദയപൂർവ്വം നിങ്ങൾക്കായി

സമർപ്പിക്കട്ടെ

അനുഷ്ക എം എസ്
ചീഫ് എഡിറ്റർ
std IX A

# താളുകളിലൂടെ


**കുട്ടികവിതകൾ**

. മഴവില്ല്
. മഴ
. പുഴ
. വിഷുക്കാലം

**കുട്ടികഥകൾ**

. സിംഹത്തിന് പറ്റിയ അമളി
. പൊന്മുട്ടയിടുന്ന താറാവ്
. അത്ഭുതവനം

**കവിതകൾ**

. സന്ധ്യ
. കാട്ടുറിവ്
. കാട്

**സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ**

**അതിരപ്പിള്ളിയുടെ ജൈവസമ്പത്ത്**

**കാഴ്ചകൾ**

# മഴവില്ല്

മഴവിൽ മഴവിൽ നിറം തരുമോ
എന്തൊരു ഭംഗി നിന്നെ കാണാൻ
ഏഴഴകാണ് നിന്നുള്ളിൽ
എന്ത് രസം നിന്നെ കാണാൻ



ശ്രാവണ കൃഷ്ണ
std 1

# പുഴ

പുഴയൊരു സുന്ദരി
ചാലക്കുടി പുഴയൊരു സുന്ദരി
മഴയാൽ നിറഞ്ഞൊരു പുഴ
പാടിയൊഴുകുന്ന പുഴ



അക്ഷര പി ആർ
std 2

# മഴ

മഴ മഴ നല്ല മഴ

എന്നെ തണുപ്പിക്കും കുഞ്ഞു മഴ

പുല്ലിൽ വീണു പൂവിൽ വീണു

പിന്നീടെന്റെ കയ്യിൽ വീണു



ഭാഗ്യനാഥ് കെ എൻ
std 2

# വിഷുകാലം

വിഷുകാലം വന്നല്ലോ

കണിക്കൊന്ന പൂത്തല്ലോ

മഞ്ഞക്കിളിയെ കണ്ടല്ലോ

വിഷുകണി കണ്ടല്ലോ

അവധികാലം വന്നല്ലോ



അമേയ രാജീവ്
std 4

# സിംഹത്തിനു പറ്റിയ അമിളി

ഒരിക്കൽ ഒരു സിംഹം ഇര തേടി നടക്കുകയായിരുന്നു.സിംഹം ഒരു തടിയൻ മുയൽ ഉറങ്ങിക്കിടക്കുന്നത്  കണ്ടു.സിംഹത്തിന് വലിയ സന്തോഷമായി.ഉറങ്ങുന്ന തടിയൻ മുയലിനെ കഴിക്കാനായി സിംഹം ഒരുങ്ങി.അപ്പോഴാണ് ഒരു മാൻ അതിലെ ഓടുന്നത് സിംഹം കണ്ടത്.കുറച്ചു കൂടി വലിയ ഇരയാണല്ലോ മാൻ ! അതിനെ പിടിച്ചു കളയാം. സിംഹം മാനിനു പുറകെ ഓടി.മാൻ കുതിച്ചോടി.സിംഹത്തിന് മാനിനെ കിട്ടിയില്ല. ഒടിത്തളർന്ന സിംഹം മുയൽ കിടന്നിടത്തേക്ക് വന്നു.അപ്പോഴോ ? മുയലില്ല.മുയൽ ഉണർന്ന്  ഓടിപ്പോയിരുന്നു .വിശന്നുവലഞ്ഞ സിംഹം ഓർത്തു.മുയൽ മതിയായിരുന്നു.മാനിനന്റെ പുറകെ പോയപ്പോൾ മാനുമില്ല മുയലുമില്ല



വൈഗ ലക്ഷ്മി പി വി
std 3

# പൊൻമുട്ടയിടുന്ന താറാവ്

ഒരിടത്ത് ഒരിടത്ത് പാവപ്പെട്ട ഒരു കൃഷിക്കാരന് വളരെ ഭംഗിയുള്ള ഒരു താറാവ് ഉണ്ടായിരുന്നു.എല്ലാ ദിവസവും ആ കൃഷിക്കാരൻ കൂട്ടിൽ പോയി നോക്കുമ്പോൾ താറാവ് ഒരു തിളങ്ങുന്ന സ്വർണ്ണ മുട്ട ഇട്ടിട്ടുണ്ടായിരിക്കും.എല്ലാ ദിവസവും ഒരു മുട്ട മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ എന്ന് ഓർത്ത് അയാൾ നിരാശയായി. പെട്ടന്ന് ധനികൻ അകാൻ അയാൾ ആഗ്രഹിച്ചു.ഒരു ദിവസം പണം ഒക്കെ എണ്ണിത്തിട്ടപ്പെടുത്തി വെച്ച് കഴിഞ്ഞപ്പോൾ അയാൾക്കൊരു ആശയം ഉദിച്ചു.ഞാൻ ആ താറാവിനെ കൊന്ന് അതിനകത്തുള്ള എല്ലാ മുട്ടകളും പുറത്തെടുക്കും.അപ്പോൾ എനിക്ക് പെട്ടന്ന് ധനികൻ ആകാൻ കഴിയും. അത്യാഗ്രഹിയായ ആ മനുഷ്യൻ ആ താറാവിനെ കൊന്ന് അതിന്റെ വയറ് തുറന്ന് നോക്കി.പക്ഷെ അയാൾക്ക് ഒരു മുട്ട പോലും കിട്ടിയില്ല.ആ താറാവ് ചത്തുപോവുകയും ചെയ്തു.

ഗുണ പാഠം:അത്യാഗ്രഹം ആപത്ത്



ഹിമഗൗരി
std 3

# അത്ഭുതവനം

ഒരു ഗ്രാമത്തിൻെറ അടുത്ത് ഒരു വനം ഉണ്ടായിരുന്നു.എല്ലാവരും ആ വനത്തെ അത്ഭുതവനം എന്നാണ് വിളിച്ചിരുന്നത്.ആ ഗ്രാമത്തിൽ ഒരു പെൺക്കുട്ടിയുണ്ടായിരുന്നു.അവളുടെ പേര് ലക്ഷ്മി എന്നായിരിന്നു.ഒരു ദിവസം അവൾ ജോലിക്കി പോകാൻ പുറത്തേക്കി ഇറങ്ങി അവൾ നടന്നായിരുന്നു പോയത്.നടക്കുബോൾ അവൾ ആ വനം കണ്ടു.അവൾ അതിലൂടെ പോയി.വനത്തിൽ അവൾ ഒരു ചിത്രശലഭം ചിലന്തി വലയിൽ കുടുങ്ങി കിടക്കുന്നത് കണ്ടു.അവൾ ആ ചിത്രശലഭത്തെ രക്ഷിച്ചു.അപ്പോൾ ആ ചിത്രശലഭം അവളോട് നന്ദി പറയുന്ന രീതിയിൽ നിന്നീട്ട് പോയി.പിന്നെ ലക്ഷ്മി നടന്നുക്കൊണ്ടിരുന്നു.അപ്പോൾ പെട്ടെന്ന് ഒരു ഉണങ്ങിയ മരം കണ്ടു.അവൾ ആ മരത്തിന് വെള്ളം ഒഴിച്ചു.പെട്ടന്ന് ആ മരം അത്ഭുത മരം പോലെ വളർന്നു അതിൽ നല്ല പച്ചയിലകൾ ഉണ്ടായി കൂടാതെ ആ മരത്തിൽ നിറച്ചും പഴുത്ത പഴങ്ങൾ ഉണ്ടായി.മരം അവളെ നോക്കി കുലുങ്ങി.എന്നിട്ട് ആ മരം അവൾക്ക് പഴങ്ങൾ കൊടുത്തു.എന്നിട്ട് അവൾ നടന്നു.അതിനു ശേഷം അവൾ ഒരു പട്ടിക്കുട്ടി കുഴിയിൽ വീണു കിടക്കുന്നത് കണ്ടു അവൾ ആ പട്ടി കുട്ടിയെ രക്ഷിച്ചു.ആ പട്ടി കുട്ടി അവളെ നോക്കി തുള്ളിച്ചാടി.അവൾക്കും പട്ടികുട്ടിക്കും സന്തോഷമായി.അവൾ എന്നിട്ട് അവളുടെ ജോലി സ്ഥലത്ത് എത്തി.അവൾ അവിടെ കുറെ സമയം ജോലി ചെയ്തു.അതിനുള്ള പണം അവൾക്ക് കിട്ടി.അവൾക്ക് സന്തോഷമായി അവൾ അവളുടെ വീട്ടിലേക്കി തിരിച്ചു പോയി.അവളുടെ വീടിനടുത്ത് ഒരു പെൺകുട്ടിയുണ്ട്.ആ കുട്ടിയുടെ പേര് ഗൗരി എന്നായിരുന്നു.ഗൗരി എന്ന പെൺക്കുട്ടി ലക്ഷ്മി ഇത്രേയും സമ്പാദിക്കുന്നത് കണ്ടിട്ട് ഗൗരിക്ക് കുശുമ്പ് തോന്നി.അവൾക്ക് എങ്ങനെ ഇത്രയും പണം ലഭിച്ചു.അവളുടെ കൈയിലുള്ളതിനെക്കാളും കൂടുതൽ പണം ഞാൻ സമ്പാദിക്കും എന്ന് അവൾ സ്വയം വിചാരിച്ചു.അടുത്ത ദിവസം ഗൗരി ലക്ഷ്മി പോയ വഴിയിലൂടെ ലക്ഷ്മിയെ കാണാതെ ഗൗരി പിറകെ നടന്നു.ലക്ഷ്മി ആ വനത്തിൻെറ അടുത്തേക്കി നടക്കുബോൾ കണ്ട കാഴ്ചകൾ ചിത്രശലഭം ചിലന്തി വലയിൽ കുടുങ്ങി കിക്കുന്നത് പിന്നെ മരം വാടി നിൽക്കുന്നത് അതുപോലെ ഒരു പട്ടികുട്ടി കുഴിയിൽ പെട്ട് കിടക്കുന്നത് ഇതെല്ലാം ദൈവം രൂപം മാറി വന്ന് ചെയ്തതാണ്.ഗൗരി ഇതൊന്നും നോക്കാതെ കടന്ന് പോയി അവൾ ജോലി സ്ഥലത്ത് ചെന്നപ്പോൾ ജോലിക്കാർ അവളെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു.ലക്ഷ്മി നല്ല സ്വഭാവം ഉള്ള കുട്ടിയായിരുന്നു.പക്ഷെ ഗൗരി അഹങ്കാരവും ദയയില്ലാത്ത കുട്ടിയും ആയിരുന്നു.ദൈവം ഗൗരിയുടെ അഹങ്കാരത്തിന് കൊടുത്ത ശിക്ഷയാണ്.അതുപോലെത്തന്നെ ദൈവം എപ്പോഴും ഉള്ള ഒരു സ്ഥലം കൂടിയാണ് ഈ അതഭുതവനം.അതുക്കൊണ്ടാണ് ആളുകൾ ആ കാടിനെ അത്ഭുതവനം എന്ന് പറയുന്നത്.



ആവണി രമേഷ്
std 6

# സന്ധ്യ

ശ്രാവണ സന്ധ്യകൾ പൂത്തരാവിൽ
നിറനിലാവിൻ ഉൾകുളിരാൽ
മുറ്റത്തെ തെച്ചിപ്പൂ വിടരുമ്പോൾ
സ്വപ്നത്തിൻ നിശാഗന്ധിയായി
നീ വന്നു .......
മലരണി തോപ്പുകളിൽ
മഞ്ഞിൽ ഈറനുടുത്ത്
പൊന്നമ്പിളി ചന്ദ്രിക
വിരുന്നു വന്നു.......



വൈഗ എ എസ്
std Ix

# കാട്ടറിവ്

കാടും കാട്ടാറും  കടലും
കേരള നാടിന്റെ  പെരുമ
കാടക പൊരുളിന്റെ തനിമ
നാടിൻ ഉയിരിൻ പൊലിമ

കാടാണ്  നിനവ്,കാടാണുറവ്
കാടാണറിവും തണുപ്പും വിയർപ്പും
അതിവൃഷ്ടി തങ്ങി മൃതവൃഷ്ടി  മൂടി
നാടിന്നു  താങ്ങായ്  നിറയണം  കാട്

കനി തരും കാട് കനിവുള്ള കാട്
കാട്ടുപെണ്ണിൻ ചേലുള്ള കാട്
കുളിർ തരും കാട് ഇരുളാർന്ന കാട്
ഘന സാന്ദ്ര മൗന തേന്മൊഴി കാട്

ഒരു കുടം നീരുമായ്  മലയിറങ്ങും പുഴ
മുലയൂട്ടി ലാളിച്ച ഹരിത തീരങ്ങളിൽ
കാടിന്നപാരത കടലിന്നഗാധത
കൈവന്ന സാഫല്യ ഭൂമി.......



മാളവിക  പി എ
std IX

# കാട്

സ്നേഹ സഹജീവന്റെ മാതൃകയാകുന്നു കാട്
ആയിരം ജീവജാലങ്ങളെ പോറ്റുന്നൊരമ്മയാകുന്നു കാട്
വസന്തത്തിൻ കഥപറഞ്ഞുലയുന്ന
കാട്ടു പൂഞ്ചോലകൾ
കാട്ടു ജീവന്റെ ദാഹം ശമിപ്പിക്കാൻ
ഒഴുകിയാണയുന്ന തെളിനീരരുവികൾ
പ്രകൃതി തൻ പച്ചപ്പിൻ
സൗന്ദര്യ ദീപ്തി വിളിച്ചോതുന്നു
കാട്ടു വൃക്ഷങ്ങളും സസ്യനിരയും
പലവിധ പച്ചമരുന്നുകൾ
തഴച്ചു വളരുന്നൊരു ഭൂനിലം കാടു
വേനലിൽ ദാഹം അകറ്റിടാൻ
പുഴയോരങ്ങൾ തേടുന്നു
കാട്ടാനക്കൂട്ടവും പുള്ളിമാനും
പുലരുവാൻ തുടങ്ങവേ കാട്ടുവീഥി -
കളിൽ നിന്നുണരുന്നു കിളി നാദങ്ങൾ
വസന്തത്തിൽ മധുനുകർന്നലയുന്നു
തേനീച്ചകൾ
വേനലകന്നു മഴയൊന്നു പെയ്യുവാൻ
കാർമുകിൽ കാണുവാൻ കാത്തിരിക്കുന്നു
വേഴാമ്പലുകൾ
പുല്ലാനി വള്ളികൾ ഊഞ്ഞാലാ -
ടുന്ന കുട്ടികുരങ്ങുകൾ
വാക്കുകൾകൊണ്ടിന്നു വർണ്ണിക്കാനൊ
ക്കുമോ കാടിന്റെ സുന്ദരസൗന്ദര്യ ദീപ്തി.



സന പി എൻ
std VIII

# <u>സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ</u>

നാം ജീവിക്കുന്ന ചുറ്റുപാടിന്റെ ആരോഗ്യം കാത്തുരക്ഷി ക്കുന്നതിൽ വനങ്ങൾക്ക്സുപ്രധാനപങ്കാണുള്ളത്കുടിക്കാനുള്ള ശുദ്ധ ജലം,ശുദ്ധവായു,അന്തരീക്ഷതാപനിലയിലെ ക്രമീകരണം ,കാലാവസ്ഥ നിർണയം,നമ്മുടെ ആഹാരത്തിന്റെ സ്രോതസായ കൃഷി യുടെ പരി പാലനം തുടങ്ങി ജീവൻ നിലനിർത്തുന്നതിനുള്ള ഓരോ നിർണ്ണായക ഘട്ടത്തിലും വനങ്ങളാണ് നമ്മുടെ കരുതൽ. വനത്തിലെ സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങളാണ്. ജീവലോകത്തിന്റെ നിലനിൽപിന് സസ്യങ്ങൾ ചെയ്യുന്ന സേവനം നിസ്തുലമാണ്. ഏറ്റവും ചിലവ് കുറഞ്ഞതും ഫലപ്രദവും സ്വാഭാ വികവുമായ വായു ശുദ്ധീകരണ സംവിധാനമാണ് സസ്യങ്ങൾ.

അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈ ഓക്സൈഡ് ആഗീരണം ചെയ്യുകയും ഓക്സിജൻ പുറത്തു വിടുകയും ചെയ്യുന്നതിലൂടെ വിലമതി ക്കാനാവാത്തസേവനമാണ് സസ്യ ങ്ങൾ ജീവലോകത്തിന് ചെയ്യുന്ന ത്.ഭൂമിയിൽ സസ്യാവരണം കുറയു ന്നതിനനുസരിച്ച് ഈ പുനഃചംക്ര മണം സംവിധാനം ഇല്ലാതാവുകയും വായുമലീനികരണം രൂക്ഷമാവുകയും ചെയ്യുന്നു.അതിനാൽ സസ്യ ങ്ങളെയും വനങ്ങളെയും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. സസ്യങ്ങൾ മാത്രമല്ല വനങ്ങളിലെ അന്തേവാസി കളാണ് ഓരോ വന്യ ജീവികൾ അത് ജീവിക്കുന്ന ചുറ്റുപാടുകളിൽ അവരുടെതായ ധർമ്മം നിർവഹിക്കുന്നുണ്ട്.സസ്യങ്ങളിലെ പരാഗ ണം, വിത്തുവിതരണം,കാടിന്റെ തുടർച്ച തുടങ്ങിയവയിൽ മുഖ്യ പങ്കാണ ുള്ളത്.



അത് മനുഷ്യനുമുണ്ട്. ധർമ്മം വനത്തെ സംരക്ഷകുക.ഈ ധർമ്മം പല പ്പോഴും മനുഷ്യൻ പാലിക്കാറില്ല.സ്വാഭാവിക പ്രകൃതിയെ നശിപ്പിക്കാനാ ണ് മനുഷ്യൻ ശ്രമിക്കുന്നത്.

വനങ്ങളും വന്യജീവികളെയും നദികളെയും നശിപ്പിക്കുന്നത് പലപ്പോഴും മനുഷ്യരുടെ തെറ്റായ ഇടപെടലുകളാണ്.ഇങ്ങനെ പോയാൽ വരും തലമുറയ്ക്ക് ജീവിക്കാൻ സാധിക്കില്ല.സ്വഭാവിക പ്രകൃതിയുടെ ഭാഗമായ വനങ്ങൾ,തടാകങ്ങൾ,നദികൾ,വന്യജീവികൾ എന്നിവയെ സംരക്ഷിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും നാം ഓരോരുത്തരുടെയും കടമയാണ്.



അനുഷ്ക എം എസ്
std IX

# അതിരപ്പിള്ളിയുടെ ജൈവ സമ്പത്ത്

കേരളത്തിലെ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് അതിരപ്പിള്ളി ഇവിടെ ചാലക്കുടി പുഴയിൽ സ്ഥിതി ചെയ്യുന്ന അതിരപ്പിള്ളി വെള്ളച്ചാട്ടം ഇരുപത്തി നാല് മീറ്റർ ഉയരത്തിൽ നിന്നാണ് താഴോട്ട് പതിക്കുന്നത് .

വനത്താൽ ചുറ്റപെട്ടതും ,ധാരാളം പക്ഷികളുടെ വാസ സ്ഥലവുമാണ് ഇവിടം .ചാർപ്പവെള്ളംച്ചാട്ടം ,വാഴച്ചാൽ വെള്ളച്ചാട്ടം എ ന്നിവ ഈ പ്രദേശത്തു കാണാം .അതിരപ്പിള്ളി ജലപാതത്തിനു ഇരു പാർശ്വങ്ങളിലുമായി സ്ഥിതിചെയ്യുന്ന നിബിഡ വനങ്ങൾ അപൂർവ ജൈ വ സമ്പത്തിന്റെ കലവറയാണ് .തേക്ക് ,വീട്ടി,ഇളവ്,വെൺതേക്ക് ,മരുത് ,വേങ്ങ,കാഞ്ഞിരം,മരോട്ടി തുടങ്ങിയവ വാണിജ്യ പ്രാധാന്യമുള്ള നിരവ ധി വൃക്ഷങ്ങൾ ഇവിടെ വളരുന്നു .വേഴാമ്പൽ ,കൃഷ്ണപ്പരുന്ത്,വാനമ്പാടി ,മാടത്ത,കാട്ടിലക്കിളി ,ശരപക്ഷി ,തുടങ്ങിയ പക്ഷികളാലും ആന ,കടുവ, കാട്ടുപോത്ത് ,വെരുക് ,കുട്ടിത്തേവാങ്ങ് ,ഉടുമ്പ് ,മരപ്പട്ടി,കുറുക്കൻ,മ്ലാവ് ,മാൻ ,കാട്ടുപന്നി,മുള്ളൻപന്നി,കൂരൻ ,പുലി,തുടങ്ങിയ മൃഗങ്ങളുടെയെയും ,ശലഭങ്ങളുടെയും,ചിലന്തികളുടെയും ആവാസ കേന്ദ്രം കൂടിയാണ് ഈ പ്രദേശം .ഇവിടത്തെ പുഴയിൽ ആറ്റുണ്ട,വെള്ളി വാള,കറുകഴുത്തൻ ,മഞ്ഞക്കൂരി ,നീല കൂരി ,ചൂര ,ചെങ്കണിയൻ,മോഡോൻ തുടങ്ങിയ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന മൽസ്യ ഇനങ്ങൾ കാണപ്പെടുന്നു.

പ്രകൃതി രമണീയത തുളുമ്പി നിൽക്കുന്ന അതിരപ്പിള്ളി വിനോദ സഞ്ചാരികൾക്ക് പ്രതേകിച്ച് വിദേശികൾക്ക് ഏറെ പ്രിയമുള്ള ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്.നിരവധി ഭാഷകളിലെ സിനിമകൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്. പെരിങ്ങൽക്കുത്ത് ,വാഴച്ചാൽ വെള്ളച്ചാട്ടം ,ചാർപ്പ വെള്ളച്ചാട്ടം ,തുമ്പൂർമുഴി തടയിണ അതിന്റെ പരിസരത്തുള്ള ഉദ്യാനം ,ഏഴാറ്റുമുഖം ,വാൽപ്പാറ മലക്കപ്പാറ പാതയിലെ തേയില തോട്ടങ്ങൾ എന്നിവയും പ്രകൃതി രമണീയതയിൽ കുളിച്ച നിൽക്കുന്ന സ്ഥലങ്ങളാണ് .



നിധിൻകൃഷ്ണ എ എം

STD X



# കാഴ്ചകൾ







# ബഷീർ ദിനം









# <u>സ്വാതന്ത്ര്യദീനം</u>





# ഓണകാഴ്ചകൾ







# അദ്ധ്യാപക ദിനം






# കൃഷി







# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



LK BATCH 21-24



LK BATCH 22-25



LK BATCH 23-26

# നന്ദി